| 17-04-2025 | പ്രഭാത മുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - ഈ ആത്മീയ ഹോസ്പിറ്റൽ നിങ്ങളെ അരക്കൽപ്പത്തേക്ക് സദാ ആരോഗ്യശാലിയാക്കി മാറ്റുന്നതാണ്, ഇവിടെ നിങ്ങൾ ദേഹീ-അഭിമാനിയായി ഇരിക്കണം.**

**ചോദ്യം:-** ജോലിയെല്ലാം ചെയ്തു കൊണ്ടും ഏതൊരു നിർദ്ദേശം ബുദ്ധിയിൽ ഓർമ്മയുണ്ടായിരിക്കണം?
**ഉത്തരം:-** ബാബയുടെ നിർദ്ദേശമാണ് നിങ്ങൾ ഏതൊരു സാകാരീ അഥവാ ആകാരീ ശരീരത്തെയും ഓർമ്മിക്കരുത്. ഒരേയൊരു ബാബയുടെ ഓർമ്മയുണ്ടെങ്കിൽ വികർമ്മം വിനാശമാകും. ഇതിൽ ആർക്കും എനിക്ക് അവസരമില്ല എന്നു പറയാൻ സാധിക്കില്ല. കാരണം എല്ലാം ചെയ്തുകൊണ്ടും ഓർമ്മയിൽ ഇരിക്കാൻ സാധിക്കും.

**ഓം ശാന്തി**. മധുര-മധുരമായ ആത്മീയ കുട്ടികൾക്ക് ബാബയുടെ ഗുഡ്മോണിംഗ്. ഗുഡ്മോണിംഗിനു ശേഷം കുട്ടികളോട് പറയുന്നു ബാബയെ ഓർമ്മിക്കൂ. അല്ലയോ പതിതപാവനാ വന്ന് ഞങ്ങളെ പാവനമാക്കൂ എന്നാണ് വിളിക്കുന്നത്. അപ്പോൾ ബാബ ആദ്യം തന്നെ പറയുന്നു- ആത്മീയ അച്ഛനെ ഓർമ്മിക്കൂ. ആത്മീയ പിതാവ് എല്ലാവർക്കും ഒരാൾ തന്നെയാണ്. അച്ഛനെ ഒരിക്കലും സർവ്വവ്യാപി എന്നു പറയില്ലല്ലോ. എത്ര കഴിയുന്നുവോ കുട്ടികൾ ഏറ്റവും ആദ്യം ബാബയെത്തന്നെ ഓർമ്മിക്കണം. ഓരേയൊരു ബാബയെ അല്ലാതെ ഏതൊരു സാകാരീ അഥവാ ആകാരിയെയും ഓർമ്മിക്കരുത്. തീർത്തും സഹജമല്ലേ. മനുഷ്യർ പറയാറുണ്ട് ഞങ്ങൾ ബിസിയാണ് അവസരമില്ല. എന്നാൽ ഓർമ്മിക്കുന്ന കാര്യത്തിൽ എപ്പോഴും അവസരമുണ്ട്. ബാബ യുക്തി പറഞ്ഞു തരുന്നു, ബാബയുടെ ഓർമ്മയിലൂടെ മാത്രമേ നമ്മുടെ പാപം ഭസ്മമാകൂ. മുഖ്യമായ കാര്യം തന്നെ ഇതാണ്. ജോലി ചെയ്യേണ്ട എന്ന് ഒരിക്കലും പറയുന്നില്ല. അതെല്ലാം ചെയ്തു കൊണ്ടും കേവലം ബാബയെ ഓർമ്മിക്കൂ എന്നാൽ വികർമ്മം നശിക്കും. ഞങ്ങൾ പതിതരാണ് എന്ന് മനുഷ്യർ മനസ്സിലാക്കുന്നുണ്ട്, സാധു-സന്യാസി ഋഷി-മുനിമാർ എല്ലാവരും സാധന ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ഭഗവാനെ ലഭിക്കാനാണ് സാധന ചെയ്യുന്നത്. ഭഗവാന്റെ പരിചയമില്ലാതെ ഒരിക്കലും ഭഗവാനെ ലഭിക്കില്ല. നിങ്ങൾക്കറിയാം ലോകത്തിൽ മറ്റാർക്കും തന്നെ ബാബയുടെ പരിചയമില്ല. ദേഹത്തിന്റെ പരിചയം എല്ലാവർക്കും ഉണ്ട്. വലിയ വസ്തുവിനെക്കുറിച്ചുള്ള പരിചയം പെട്ടെന്ന് ലഭിക്കുന്നു. എപ്പോഴാണോ ബാബ വരുന്നത് അപ്പോഴേ ആത്മാവിന്റെ പരിചയം ലഭിക്കൂ. ആത്മാവും ശരീരവും രണ്ടും രണ്ടാണ്. ആത്മാവ് ഒരു നക്ഷത്രമാണ് അതിസൂക്ഷ്മമാണ്. ആത്മാവിനെ ആർക്കും കാണാൻ സാധിക്കില്ല. അതുകൊണ്ട് ഇവിടെ വന്നിരിക്കുന്ന സമയത്ത് ദേഹീ-അഭിമാനിയായിരിക്കണം. ഇതും ഒരു ആശുപത്രിയാണ്. അരക്കൽപ്പത്തേക്കു വേണ്ടി സദാ ആരോഗ്യശാലിയായി മാറാൻ. ആത്മാവ് അവിനാശിയാണ് ഒരിക്കലും നശിക്കുന്നില്ല. ഈ ആത്മാക്കൾ എല്ലാവരും അവിനാശിയാണ്, ശരീരം വിനാശിയുമാണ്. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിലുണ്ട് നമ്മൾ ആത്മാക്കൾ അവിനാശിയാണ്. നമ്മൾ 84 ജന്മം ഏടുക്കുന്നു, ഇതും ഡ്രാമയാണ്. ഡ്രാമയിൽ ഏതെല്ലാം ധർമ്മ സ്ഥാപകർ എപ്പോഴെല്ലാമാണോ വരുന്നത്, എത്ര ജന്മം എടുക്കുന്നു ഇതിനെക്കുറിച്ചെല്ലാം അറിയാൻ സാധിക്കും. 84 ജന്മത്തിന്റെ മഹിമ തീർച്ചയായും ഒരു ധർമ്മത്തിലുള്ളവർക്ക് മാത്രമായിരിക്കും. എല്ലാവർക്കും ഒരിക്കലും 84 ജന്മം എടുക്കാൻ സാധിക്കില്ല. എല്ലാ ധർമ്മങ്ങളും ഒരിക്കലും ആദ്യം തന്നെ വരില്ലല്ലോ. നമ്മൾ മറ്റുള്ളവരുടെ കണക്കുകൾ എന്തിനാണ് എടുക്കുന്നത്. ധർമ്മ സ്ഥാപനയ്ക്കായി ഏതേതെല്ലാം സമയത്ത് വരുന്നു എന്നറിയാമല്ലോ. പിന്നീട് ആ ധർമ്മത്തിന്റെ വൃദ്ധി ഉണ്ടാകുന്നു. എല്ലാവർക്കും സതോപ്രധാന അവസ്ഥയിൽ നിന്നും തമോപ്രധാനമാവുക തന്നെ വേണം. എപ്പോഴാണോ ലോകം തമോപ്രധാനമാകുന്നത് അപ്പോഴാണ് ബാബ വന്ന് സതോപ്രധാന സത്യയുഗം സ്ഥാപിക്കുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികൾ അറിയുന്നു നമ്മൾ ഭാരതവാസികൾ തന്നെയാണ് പിന്നീട് പുതിയ ലോകത്തിലേക്ക് വന്ന് രാജ്യം ഭരിക്കുന്നത്, മറ്റൊരു ധർമ്മത്തിലുള്ളവരും ഉണ്ടാകില്ല. നിങ്ങൾ കുട്ടികളിലും ആർക്കാണോ ഉയർന്ന പദവി നേടേണ്ടത് അവർ കൂടുതൽ ഓർമ്മയിൽ ഇരിക്കാനുള്ള പുരുഷാർത്ഥം ചെയ്യുന്നു, ബാബയ്ക്ക് വാർത്തകൾ എഴുതുന്നു, ബാബ ഇത്ര സമയം ഓർമ്മയിൽ ഇരുന്നു. ചിലർ ലജ്ജ കാരണം വിവരങ്ങൾ നൽകുന്നില്ല. ബാബ എന്തുവിചാരിക്കും എന്നു ചിന്തിക്കുന്നു. എന്നാൽ ബാബയ്ക്കും അറിയാമല്ലോ. സ്കൂളിൽ ടീച്ചർ വിദ്യാർത്ഥികളോട് പറയാറുണ്ട് നിങ്ങൾ പഠിച്ചില്ലെങ്കിൽ തോറ്റുപോകും എന്ന്. ലൗകീക മാതാപിതാക്കളും കുട്ടികളുടെ പഠിപ്പിലൂടെ മനസ്സിലാക്കുന്നു, ഇവർ പഠിക്കുന്നത് വലിയ സ്കൂളിലാണ്. ഇവിടെ നമ്പർ പ്രകാരത്തിൽ ഇരുത്താൻ സാധിക്കില്ല. ബുദ്ധി കൊണ്ട് മനസ്സിലാക്കാൻ സാധിക്കുന്നു, നമ്പർ പ്രകാരത്തിൽ തന്നെ ആയിരിക്കുമല്ലോ. ചിലപ്പോൾ ബാബ നല്ല-നല്ല കുട്ടികളെ എവിടെയെങ്കിലും പറഞ്ഞയക്കും, അവർ പോയതിനുശേഷം പിന്നീട് മറ്റുള്ളവർ എഴുതുന്നു ഞങ്ങൾക്ക്

മഹാരഥികളെയാണ് ആവശ്യം, അപ്പോൾ തീർച്ചയായും മനസ്സിലാക്കാൻ സാധിക്കും ഇവർ നമ്മളെക്കാളും സമർത്ഥശാലികളാണ്. തീർച്ചയായും നമ്പർവൈസ് ആയിരിക്കും. ചിത്രപ്രദർശിനിയിലും അനേക പ്രകാരത്തിലുള്ളവർ വരുന്നുണ്ട്. അപ്പോൾ അവരെ പരിശോധിക്കാനായി ഗൈഡുകളും ആവശ്യമാണ്. വരുന്നവരെ സ്വീകരിക്കാൻ നിൽക്കുന്നവർക്ക് അറിയാം ഇവർ ഏതു പ്രകാരത്തിലുള്ള ആളുകളാണെന്ന്. പറഞ്ഞുകൊടുക്കാനായി നിൽക്കുന്നവരോട് സൂചനയിലൂടെ ഇവർ കാണിച്ചുകൊടുക്കണം, നിങ്ങളാണ് ഇന്നവർക്ക് മനസ്സിലാക്കി കൊടുക്കേണ്ടതെന്ന് . ആളുകളെ കണ്ടാൽ മനസ്സിലാക്കാൻ സാധിക്കും ഇവർ ഫസ്റ്റ് ഗ്രേഡാണോ സെക്കന്റ് ഗ്രേഡാണോ തേർഡ് ഗ്രേഡാണോ എന്ന്. നമുക്ക് എല്ലാവരുടെയും സേവനം ചെയ്യണം. ഉയർന്ന് പദവിയിൽ ഇരിക്കുന്ന ആളുകളാണെങ്കിൽ അവരെ സത്കരിക്കണം. ഇതും ഒരു നിയമമാണ്. ബാബ അഥവാ ടീച്ചർ ക്ലാസ്സിൽ കുട്ടികളുടെ മഹിമ പാടുന്നതും ഏറ്റവും വലിയ സത്കാരമാണ്. പേര് പ്രശസ്തമാക്കുന്ന കുട്ടികളുടെ മഹിമ അഥവാ സൽക്കാരം ചെയ്യുന്നു. ചിലർ ധനവാനാണെങ്കിൽ, ധാർമ്മിക ചിന്താഗതി ഉള്ളവരാണെങ്കിൽ അവരെ സൽക്കരിക്കുമല്ലോ. ഇപ്പോൾ നിങ്ങൾക്കറിയാം ഉയർന്നതിലും ഉയർന്നത് ഭഗവാനാണ്. എല്ലാവരും പറയുന്നുണ്ട് ഈശ്വരൻ ഏറ്റവും ഉയർന്നതാണ്, പിന്നീട് സർവ്വവ്യാപി എന്നും പറയുന്നു. ഒറ്റയടിക്ക് താഴ്ത്തുന്നു. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും ഏറ്റവും ഉയർന്നതിലും ഉയർന്നത് ഭഗവാനാണ്, മൂലവതനവാസിയാണ്. സൂക്ഷ്മവതനത്തിൽ ദേവതകളാണ്. ഇവിടെ മനുഷ്യരാണ് വസിക്കുന്നത്. ഉയർന്നതിലും ഉയർന്ന ഭഗവാൻ നിരാകാരനാണ്.

നിങ്ങൾക്ക് ഇപ്പോൾ അറിയാം വജ്രസമാനമായിരുന്ന ദേവതകൾ ഇപ്പോൾ കക്കയ്ക്കു സമാനമായി. പിന്നീട് ഭഗവാനെ തന്നെക്കാളും താഴ്ന്ന അവസ്ഥയിലേക്ക് കൊണ്ടുപോയി. ഭഗവാനെക്കുറിച്ചുള്ള തിരിച്ചറിവില്ല. നിങ്ങൾ ഭാരതവാസികൾക്കാണ് ഈ തിരിച്ചറിവ് ലഭിക്കുന്നത് പിന്നീട് നിങ്ങൾക്ക് തന്നെ ഇത് ഇല്ലാതാകുകയും ചെയ്യുന്നു. ഇപ്പോൾ നിങ്ങൾ എല്ലാവർക്കും ബാബയുടെ പരിചയം നൽകുന്നു. ധാരാളം പേർക്ക് ബാബയുടെ തിരിച്ചറിവ് ലഭിക്കുന്നു. നിങ്ങളുടെ മുഖ്യമായ ചിത്രങ്ങളാണ് ത്രിമൂർത്തി, സൃഷ്ടിചക്രം, വൃക്ഷം. ഈ ചിത്രങ്ങളിലെല്ലാം എത്ര ജ്ഞാനത്തിന്റെ പ്രകാശമാണുള്ളത്. ഏതൊരാൾക്കും അറിയാം ഈ ലക്ഷ്മീ-നാരായണന്മാർ സത്യയുഗത്തിന്റെ അധികാരികളായിരുന്നു എന്നുള്ളത്. ശരി, സത്യയുഗത്തിനു മുമ്പ് എന്തായിരുന്നു? ഇതും ഇപ്പോഴാണ് നിങ്ങൾക്ക് അറിയുന്നത്. ഇപ്പോൾ കലിയുഗത്തിന്റെ അന്ത്യമാണ്. പ്രജകൾ പ്രജകളുടെ മേലാണ് രാജ്യം ഭരിക്കുന്നത്. ഇപ്പോൾ ആർക്കും തന്നെ രാജപദവി ഇല്ല, സത്യയുഗവും കലിയുഗവും തമ്മിൽ എത്ര വ്യത്യാസമാണ്. സത്യയുഗത്തിന്റെ ആദിയിലും രാജാക്കന്മാർ ഉണ്ടായിരുന്നു. ഇപ്പോൾ കലിയുഗത്തിലും രാജാക്കന്മാർ ഉണ്ട്. ഇവിടെ ഉള്ളവർ പാവനരല്ല, എന്നാൽ പൈസ കൊടുത്തിട്ടാണെങ്കിലും പദവി നേടിയെടുക്കും. ഇവിടെ ആരെയും മഹാരാജാക്കന്മാർ എന്നു പറയില്ല, പൈസ കൊടുത്ത് പദവി നേടുകയാണ്. പാട്യാലയിലെ മഹാരാജാവ്, ജോധ്പൂരിലെ മഹാരാജാവ്, ബിക്കാനീറിലെ മഹാരാജാവ് ഇവർ എല്ലാവരും പദവി നേടിയെടുത്തവരാണ്. പിന്നീട് ഈ പേരുകളും അവിനാശിയായി ഉണ്ടാകുന്നു. ആദ്യം പവിത്രമായ മഹാരാജാക്കന്മാർ ആയിരുന്നു. ഇപ്പോൾ അപവിത്രമായി. രാജാവ് മഹാരാജാവ് എന്ന വാക്കുകളാണ് ഉപയോഗിക്കുക. ഈ ലക്ഷ്മീനാരായണന്മാർ സത്യയുഗത്തിലെ അധികാരികളായിരുന്നു. പിന്നീട് ഇവരിൽ നിന്നും ആരാണ് രാജ്യം കൈയ്യടക്കിയത്? രാജധാനിയുടെ സ്ഥാപന എങ്ങിനെയാണ് സംഭവിക്കുന്നത് എന്ന് നിങ്ങൾക്ക് അറിയാം. ബാബ പറയുന്നു ഞാൻ നിങ്ങളെ 21 ജന്മത്തേക്ക് വേണ്ടി പഠിപ്പിക്കുന്നു. മറ്റുള്ളവർ പഠിച്ച് ഈ ജന്മത്തേക്ക് തന്നെ വക്കീൽ പദവി നേടിയെടുക്കുന്നു. നിങ്ങൾ ഇപ്പോൾ പഠിച്ച് ഭാവിയിലെ മഹാരാജാ-മഹാറാണി ആകുന്നു. ഡ്രാമാ പ്ലാൻ അനുസരിച്ച് പുതിയ ലോകത്തിന്റെ സ്ഥാപന നടന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ പഴയ ലോകമാണ്. ഇവിടെ എത്ര തന്നെ വലിയ കൊട്ടാരങ്ങൾ ഉണ്ടെങ്കിലും വജ്ര-വൈഢൂര്യങ്ങളുടെ കൊട്ടാരം ഉണ്ടാക്കാൻ ആർക്കും ധൈര്യമില്ല. സത്യയുഗത്തിലുള്ള ഓരോ കൊട്ടാരങ്ങളും വജ്ര-വൈഢൂര്യങ്ങൾ പതിപ്പിച്ചതായിരിക്കും. ഉണ്ടാക്കാനും അധികം സമയം എടുക്കില്ല. ഈ ലോകത്തിലും ഭൂകമ്പം സംഭവിക്കുമ്പോൾ ഒരുപാട് ഉപകരണങ്ങൾ ഉപയോഗിച്ച് പണിയെടുത്ത് ഒന്നു രണ്ടു വർഷത്തിനുള്ളിൽ മുഴുവൻ പട്ടണത്തെയും പുതിയതാക്കി മാറ്റുന്നു. പുതിയ ഡൽഹി ഉണ്ടാക്കുന്നതിലും 8-10 വർഷങ്ങൾ എടുത്തു. എന്നാൽ ഇവിടെയുള്ള തൊഴിലാളികളും അവിടെയുള്ള തൊഴിലാളികളും വ്യത്യാസമുണ്ട്. ഇന്നത്തെ കാലത്ത് പുതിയ-പുതിയ കണ്ടുപിടിത്തങ്ങൾ ഉണ്ടായിക്കൊണ്ടേയിരിക്കുന്നു. കെട്ടിടം ഉണ്ടാക്കുന്നതിന്റെ സയൻസും വളരെ ശക്തമാണ്, എല്ലാം തയ്യാറായിത്തന്നെ ലഭിക്കുന്നു, പെട്ടെന്ന് തന്നെ ഫ്ളാറ്റുകളും തയ്യാറാവുന്നു. ഇവിടെ എല്ലാം പെട്ടെന്നാണ് ഉണ്ടാക്കുന്നത് പിന്നീട് സത്യയുഗത്തിൽ എല്ലാം ഉപയോഗത്തിലേക്ക് വരുന്നു. ഇവിടുന്ന് അങ്ങനെയുള്ള സംസ്കാരം നിറച്ച് അങ്ങോട്ടു പോകുന്നു. ഈ സയൻസിന്റെ സംസ്കാരവും കൊണ്ടുപോകും. ഇപ്പോൾ ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു, പാവനമാകണമെങ്കിൽ ബാബയെ ഓർമ്മിക്കൂ. ബാബയും ഗുഡ്മോണിംഗ് പറഞ്ഞിട്ടാണ് പഠിപ്പ് നൽകുന്നത്. കുട്ടികൾ ബാബയുടെ ഓർമ്മയിൽ ആണോ ഇരിക്കുന്നത്?

നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും ബാബയെ ഓർമ്മിക്കൂ എന്തുകൊണ്ടെന്നാൽ ജന്മജന്മാന്തരത്തിലെ പാപം ശിരസ്സിലുണ്ട്. ഏണിപ്പടികൾ താഴേക്ക് ഇറങ്ങി–ഇറങ്ങി 84 ജന്മങ്ങൾ എടുത്തു. ഇപ്പോൾ ഒരു ജന്മത്തിനുള്ളിൽ തന്നെ കയറുന്നു. കലകൾ ഉയരുന്നു. എത്രത്തോളം ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുന്നുവോ അത്രത്തോളം സന്തോഷവും ഉണ്ടാകും. ശക്തിയും ലഭിക്കും. വളരെയധികം കുട്ടികളെ ബാബ മുന്നിൽ വെച്ചിരിക്കുന്നു എങ്കിലും അവർ ഓർമ്മയിൽ അൽപം പോലും ഇരിക്കുന്നില്ല. ജ്ഞാനത്തിൽ തീവ്രഗതിയിൽ ആണെങ്കിലും ഓർമ്മയുടെ യാത്രയിൽ പിറകിലാണ്. ബാബ കുട്ടികളുടെ മഹിമ പാടുന്നു. ബ്രഹ്മാബാബ നമ്പർ വണ്ണിലാണെങ്കിൽ തീർച്ചയായും അത്രത്തോളം പ്രയത്നിക്കുന്നുണ്ടാവുമല്ലോ. നിങ്ങൾ എപ്പോഴും മനസ്സിലാക്കണം ശിവബാബയാണ് നമുക്ക് പറഞ്ഞു തരുന്നത് . അപ്പോൾ ബുദ്ധിയോഗം ബാബയിലേക്ക് വയ്ക്കാൻ സാധിക്കും. ബ്രഹ്മാവും പഠിച്ചു കൊണ്ടിരിക്കുകയാണ്. ഇദ്ദേഹവും പറയുന്നത് ബാബയെ ഓർമ്മിക്കൂ എന്നാണ്. മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാനാണ് ചിത്രങ്ങൾ. നിരാകാരനെയാണ് ഭഗവാൻ എന്നു പറയുക. ബാബ വന്ന് ഈ ശരീരം ധാരണ ചെയ്യുന്നു. ഒരേയൊരു ഭഗവാന്റെ കുട്ടികൾ എല്ലാ ആത്മാക്കളും സഹോദരന്മാരാണ്. ആത്മാക്കൾ ഈ ശരീരത്തിൽ വിരാജിതരാണ്. എല്ലാവരും അകാലമൂർത്തികളാണ്. ഭൃകുടി അകാലമൂർത്തി ആത്മാവിന്റെ സിംഹാസനമാണ്. അകാലസിംഹാസനം എന്നു പറയുന്നത് മറ്റൊരു വസ്തുവിനേയും അല്ല. ഈ സിംഹാസനം അകാലമൂർത്തി ആത്മാവിന്റേതാണ്. ഭൃഗുടി മധ്യത്തിൽ ആത്മാവ് വിരാജിതനാണ്, ഇതിനെയാണ് അകാല സിംഹാസനം എന്നു പറയുക. അകാല സിംഹാസനം അകാലമൂർത്തീ ആത്മാവിന്റേതാണ്. ആത്മാക്കൾ എല്ലാം അകാലനാണ് എത്ര അതിസൂക്ഷ്മമാണ്. ബാബ സിംഹാസനം എവിടുന്ന് കൊണ്ടുവരാനാണ്. ബാബ പറയുന്നു ഇത് എന്റെ കൂടി സിംഹാസനമാണ്. ഞാൻ വന്ന് ഈ സിംഹാസനത്തെ ലോണായി എടുക്കുന്നു. ബ്രഹ്മാവിന്റെ വൃദ്ധനായ സാധാരണ ശരീരത്തിലെ അകാല സിംഹാസനത്തിലേക്ക് ഞാൻ പ്രവേശിക്കുന്നു. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു എല്ലാ ആത്മാക്കളുടേയും സിംഹാസനം ഇതുതന്നെയാണ്. ഇവിടെ മനുഷ്യരെക്കുറിച്ചുള്ള കാര്യമാണ് പറയുന്നത് മൃഗങ്ങളെക്കുറിച്ചല്ല. ആദ്യം മൃഗത്തെക്കാളും മോശമായ സ്വഭാവമുള്ള മനുഷ്യർ നന്നാവട്ടെ. ആരെങ്കിലും മൃഗത്തെക്കുറിച്ച് നിങ്ങളോട് ചോദിക്കുകയാണെങ്കിൽ പറയൂ, ആദ്യം അവനവനെ നന്നാക്കൂ. സത്യയുഗത്തിലെ മൃഗങ്ങൾ വളരെ നല്ലതും ഫസ്റ്റ്ക്ലാസും ആയിരിക്കും. അവിടെ അഴുക്കൊന്നും തന്നെ ഉണ്ടായിരിക്കുകയില്ല. രാജാക്കന്മാരുടെ കൊട്ടാരത്തിൽ പ്രാവുകളുടെ കാഷ്ഠമെല്ലാം ഉണ്ടെങ്കിൽ ശിക്ഷ നൽകുമായിരുന്നു. ലേശം പോലും അഴുക്ക് ഉണ്ടാകില്ല. അവിടെ അതെല്ലാം വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യുന്നു. മൃഗങ്ങളൊന്നും കൊട്ടാരത്തിലേക്ക് പ്രവേശിക്കാതിരിക്കാൻ കാവൽ നിൽക്കുന്നു. വളരെ വലിയ ശുദ്ധത പാലിക്കുന്നു. ലക്ഷ്മീനാരായണന്റെ ക്ഷേത്രത്തിൽപ്പോലും എത്ര ശുദ്ധിയാണ്. ശങ്കരന്റേയും പാർവ്വതിയുടെയും ക്ഷേത്രത്തിൽ പ്രാവുകളെ കാണിക്കുന്നുണ്ട്. അപ്പോൾ തീർച്ചയായും ക്ഷേത്രം മുഴുവൻ മോശമാക്കിയിരിക്കും. ശാസ്ത്രങ്ങളിൽ ഒരുപാട് കെട്ടുകഥകൾ കാണിച്ചിട്ടുണ്ട്.

ഇപ്പോൾ ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു, നിങ്ങളിലും വളരെ കുറച്ചുപേർക്കേ ധാരണ ചെയ്യാൻ സാധിക്കുന്നുള്ളൂ. ബാക്കി ചിലർ ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. ബാബ കുട്ടികൾക്ക് എത്ര സ്നേഹത്തോടെയാണ് മനസ്സിലാക്കിത്തരുന്നത് – കുട്ടികളേ, വളരെയധികം മധുരതയുള്ളവരായി മാറൂ. വായിലൂടെ സദാ ജ്ഞാനരത്നങ്ങൾ മാത്രം വീഴണം. നിങ്ങൾ രൂപ്ബസന്താണ്. നിങ്ങളുടെ വായിലൂടെ കല്ലുകൾ വീഴരുത്. ആത്മാവിനുതന്നെയാണ് മഹിമയും ലഭിക്കുന്നത്. ആത്മാവ് പറയുന്നു– ഞാൻ പ്രസിഡന്റാണ്, ഇന്ന ആളാണ്... എന്റെ ശരീരത്തിന്റെ പേര് ഇതാണ്, ശരി ആത്മാക്കൾ ആരുടെ മക്കളാണ്. ഒരേ ഒരു പരമാത്മാവിന്റെ. അപ്പോൾ തീർച്ചയായും ബാബയിൽ നിന്നും സമ്പത്ത് ലഭിക്കണം. അപ്പോൾ പരമാത്മാവിനെങ്ങനെ സർവവ്യാപിയാകാൻ സാധിക്കും. നിങ്ങൾക്കും അറിയാം നമ്മളും ആദ്യം ഒന്നും തന്നെ അറിഞ്ഞിരുന്നില്ല. ഇപ്പോൾ എത്രത്തോളം ബുദ്ധി തുറക്കപ്പെട്ടു. നിങ്ങൾ ഏതൊരു ക്ഷേത്രത്തിലേക്കു പോവുകയാണെങ്കിലും, മനസ്സിലാക്കാൻ സാധിക്കും ഇതെല്ലാം അസത്യമായ ചിത്രങ്ങളാണ്. പത്ത് കൈകളുള്ള ചിത്രം, തുമ്പിക്കൈയുള്ള ദേവന്റെ ചിത്രം ഇവ ഉണ്ടാകുമോ. ഇതെല്ലാം ഭക്തീമാർഗ്ഗത്തിലെ സാമഗ്രികളാണ്. വാസ്തവത്തിൽ എല്ലാവരുടെയും സദ്ഗതി ദാതാവായ ഒരേയൊരു ശിവബാബയുടെ ഭക്തിയാണ് ചെയ്യേണ്ടത്. നിങ്ങളുടെ ബുദ്ധിയിലുണ്ട് ഈ ലക്ഷ്മീനാരായണന്മാരും 84 ജന്മങ്ങൾ എടുക്കുന്നു. പിന്നീട് ഉയർന്നതിലും ഉയർന്ന ബാബ വന്ന് എല്ലാവർക്കും സദ്ഗതി നൽകുന്നു. ബാബയെക്കാളും ഉയർന്നവരായി മറ്റാരുമില്ല. ഈ ജ്ഞാനത്തിന്റെ കാര്യങ്ങൾ നിങ്ങൾ കുട്ടികളും സംഖ്യാക്രമത്തിലാണ് ധാരണ ചെയ്യുന്നത്. ധാരണ ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ പിന്നെ എന്ത് പ്രയോജനം. ചിലർ അന്ധന്മാരുടെ ഊന്നുവടിയാകുന്നതിനു പകരം സ്വയം അന്ധരായിത്തീരുന്നു. പാൽ നൽകാത്ത പശുക്കളെ ഗോശാലയിലേക്കയക്കുന്നു. ഇവിടെയും പലർക്കും ജ്ഞാനത്തിന്റെ പാല് നൽകാൻ സാധിക്കുന്നില്ല. വളരെയധികം പേർ പുരുഷാർത്ഥം തന്നെ ചെയ്യുന്നില്ല. നമുക്ക് മറ്റുള്ളവരുടെ നന്മ ചെയ്യണം എന്ന് മനസ്സിലാക്കുന്നില്ല. തന്റെ ഭാഗ്യത്തെക്കുറിച്ചുള്ള ചിന്ത പോലുമില്ല. എന്ത് ലഭിച്ചുവോ

അത് നല്ലത് എന്ന് ചിന്തിച്ചിരിക്കുന്നു. അപ്പോൾ ബാബയും പറയുന്നു ഇവരുടെ ഭാഗ്യത്തിലില്ല. തന്റെ സദ്ഗതിക്കുള്ള പുരുഷാർത്ഥം ചെയ്യണമല്ലോ. ദേഹീ-അഭിമാനിയാകണം. ബാബ എത്ര ഉയർന്നതിലും ഉയർന്നതാണ്. ബാബ വരുന്നത് നോക്കൂ പതിത ലോകത്തിൽ പതീത ശരീരത്തിലാണ്. ബാബയെ വിളിക്കുന്നതു തന്നെ പതിത ലോകത്തിലേക്കാണ്. എപ്പോഴാണോ രാവണൻ ഈ ലോകത്തെ തീർത്തും ഭ്രഷ്ടമാക്കുന്നത്, അപ്പോഴാണ് ബാബ വന്ന് ഇതിനെ ശ്രേഷ്ഠമാക്കി മാറ്റുന്നത്. ആരാണോ നല്ല പുരുഷാർത്ഥം ചെയ്യുന്നത് അവർ രാജാ-റാണിയായി മാറുന്നു. ആരാണോ പുരുഷാർത്ഥം ചെയ്യാത്തത് അവർക്ക് സാധാരണ പദവി ലഭിക്കുന്നു. ഭാഗ്യത്തിലില്ലെങ്കിൽ പുരുഷാർത്ഥം ചെയ്യാൻ സാധിക്കില്ല. ചിലരാണെങ്കിൽ വളരെ നല്ല ഭാഗ്യം ഉണ്ടാക്കുന്നു. ഓരോരുത്തരും അവനവനെ നോക്കൂ ഞാൻ എന്തു ഭാഗ്യമാണ് ഉണ്ടാക്കുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) രൂപ് ബസന്തായി മാറി വായിലൂടെ സദാ ജ്ഞാനരത്നങ്ങൾ മാത്രം പൊഴിക്കണം, വളരെയധികം മധുരമായി മാറണം. ഒരിക്കലും കല്ലുകൾ(കടുത്ത വാക്കുകൾ) വീഴരുത്.

2) ജ്ഞാനയോഗത്തിൽ തീവ്രഗതിയിൽ മുന്നേറി അവനവന്റേയും മറ്റുള്ളവരുടേയും നന്മ ചെയ്യണം. തന്റെ ഭാഗ്യത്തെ ഉയർത്താനുള്ള പുരുഷാർത്ഥം ചെയ്യണം. അന്ധന്മാരുടെ ഊന്നുവടിയാകണം.

## വരദാനം:- ത്രി-സ്മൃതി സ്വരൂപത്തിന്റെ തിലകം ധരിക്കുന്ന സമ്പൂർണ്ണ വിജയീഭവ.

സ്വയത്തിന്റെ സ്മൃതി, ബാബയുടെ സ്മൃതി, ഡ്രാമയുടെ ജ്ഞാനത്തിന്റെ സ്മൃതി- ഈ മൂന്നിന്റെയും സ്മൃതിയിൽ മുഴുവൻ ജ്ഞാനത്തിന്റെയും വിസ്താരം അടങ്ങിയിട്ടുണ്ട്. ജ്ഞാനത്തിന്റെ വൃക്ഷത്തിൽ ഈ മൂന്ന് സ്മൃതികളും ഉണ്ട്. വൃക്ഷത്തിന്റെ ആദ്യഭാഗം ബീജമാണ്, ആ ബീജത്തിലൂടെ രണ്ട് ഇലകൾ വിരിയുന്നു പിന്നീട് വൃക്ഷത്തിന്റെ വിസ്താരം ഉണ്ടാകുന്നു എന്നത് പോലെ മുഖ്യമാണ് ബീജമായ ബാബയുടെ സ്മൃതി. പിന്നെ രണ്ടിലകൾ അർത്ഥം ആത്മാവിന്റെയും ഡ്രാമയുടെയും മുഴുവൻ ജ്ഞാനം. ഈ മൂന്ന് സ്മൃതികളും ധാരണ ചെയ്യുന്നവർ സ്മൃതി സ്വരൂപ് ഭവ അഥവാ സമ്പൂർണ്ണ വിജയി ഭവയുടെ വരദാനിയായി മാറുന്നു.

## സ്ലോഗൻ:- പ്രാപ്തികളെ സദാ സമീപത്ത് വെക്കൂ എങ്കിൽ ബലഹീനതകൾ സഹജമായും സമാപ്തമാകും.

**അവ്യക്ത സൂചനകൾ- കമ്പൈന്റ് രൂപത്തിന്റെ സ്മൃതിയിലൂടെ സദാ വിജയിയാകൂ.**

സംഗമയുഗത്തിൽ ബ്രഹ്മാകുമാരീ കുമാരന്മാർ ഒരിക്കലും ഒറ്റക്കാകില്ല. കേവലം ബാബയുടെ കൂട്ടിന്റെ അനുഭവം, കമ്പൈന്റ് സ്ഥിതിയുടെ അനുഭവം എമർജ് ചെയ്യൂ. ബാബ എന്റേത് തന്നെയാണ്, കൂടെത്തന്നെയുണ്ട് ഇങ്ങനെ വിചാരിക്കരുത്, മറിച്ച് കൂടെയുണ്ട് എന്നതിന്റെ പ്രാക്ടിക്കൽ അനുഭവം എമർജായിരിക്കണം. എങ്കിൽ ഈ മായയുടെ യുദ്ധം യുദ്ധമായിരിക്കില്ല, മായ പരാജയപ്പെടും. എന്താകും! ഇങ്ങനെ പരിഭ്രമിക്കാതിരിക്കണം. ധൈര്യത്തോടെയിരിക്കൂ, ബാബ കൂടെയുണ്ടെന്ന സ്മൃതിയിലിരിക്കൂ എങ്കിൽ വിജയം താങ്കളുടെ ജന്മസിദ്ധ അധികാരമാണ്.